(സി) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ ഉറന്നുപ്രവർത്തിപ്പിക്കുവാൻ വേണ്ടി ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 30 കോടി രൂപയും ഒറ്റത്തവണയായി ഓണത്തിന് മുമ്പ് വിതരണം ചെയ്തിട്ടുള്ളതാണ്.

വിഴിഞ്ഞം ഉറമുഖ പദ്ധതിക്ക് വകയിരുത്തിയ തുക

93 (98) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഉറമുഖ പദ്ധതിക്കായി 2005-06 മുതൽ 2014-15 വരെ ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റുകളിൽ വകയിരുത്തപ്പെട്ട തുക എത്ര വീതമായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) 2007-08 മുതൽ 2011-12 വരെയുള്ള ബഡ്ജറ്റുകളിൽ വകയിരുത്തപ്പെട്ട മൊത്തം തുക എത്ര; 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയായിരുന്നു; 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു. ; 2016-17 ബഡ്ജറ്റിൽ എത്ര തുക വകയിരുത്തേണ്ടതായിട്ടുണ്ട്, വിശദമക്കാമോ ?

ഉത്തരം

(എ&ബി) 2005-06 മുതൽ 2012-13 വരെയുള്ള കാലയളവുകളിൽ വിഴിഞ്ഞം അന്താരാഷ്ട്ര ഉറമുഖ പദ്ധതിക്കായി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ് :

വർഷം	വകയിരുത്തിയ തുക (കോടിയിൽ)
(1)	(2)
2005-06	...

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
2006-07	10.00
2007-08	7.12
2008-09	25.70
2009-10	25.60
2010-11	140.26
2011-12	197.85
2012-13	223.68

2013-14 മുതലുള്ള സാമ്പത്തിക വർഷങ്ങളിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖമുൾപ്പെടെയുള്ള മേജർ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾക്കായി പൊതുവായ കണക്കിനത്തിൽ മൊത്തത്തിലാണ് തുക വകയിരുത്തിവരുന്നത്. 2013-14 മുതൽ 2015-16 വരെയുള്ള കാലയളവിൽ മേജർ പ്രോജക്ടുകൾക്കായി ഇപ്രകാരം വകയിരുത്തിയ മൊത്തം തുക സംബന്ധിച്ച വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്:

2013-14	846.03 കോടി
2014-15	1225.00 കോടി
2015-16	2000.00 കോടി

2016-17 സാമ്പത്തിക വർഷത്തേയുള്ള ബഡ്ജറ്റ് രൂപീകരണ പ്രക്രിയ നടന്നുവരുന്നതേയുള്ളൂ. 2016-17 ബഡ്ജറ്റിൽ വകയിരുത്തേണ്ട തുകകൾ സംബന്ധിച്ച കണക്കുകൾ ഇതുവരെ തിട്ടപ്പെടുത്തിയിട്ടില്ല.

ബാർ കോഴ കേസ്സിന് ചെലവായ തുക

94 (99) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർകോഴ കേസ്സിന് സുപ്രീം കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന മുതിർന്ന അഭിഭാഷകരെ നിയോഗിച്ചതിന് സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;